നം..345/2010/റ്റി.എ.2/സി.ഇ.ഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## പഞ്ചവത്സര എൽ.എൽ.ബി. 2010 പ്രവേശന പരീക്ഷ - അഡ്മിറ്റ് കാർഡ് വിതരണം ആരംഭിച്ചു

**2010 ജൂലായ 11-ാം തീയതി** ഞായറാഴ്ച തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന **പഞ്ചവത്സര** എൽ.എൽ.ബി.. പ്രവേശന പരീക്ഷയ്ക്ക് സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള പരീക്ഷാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ ഈ ആഫീസിൽ നിന്നും അയച്ചിട്ടുണ്ട്. 09**.07.2010** വരെ അഡ്മിറ്റ് കാർഡോ അപേക്ഷ നിരസിച്ചിട്ടുള്ളതായ അറിയിപ്പോ ലഭിയ്ക്കാത്തവർ 10 **ാം തീയതി (ശനിയാഴ്ച )**രാവിലെ 10മണിക്കും ഉച്ചയ്ക്ക് ഒരു മണിക്കും ഇടയിൽ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള ജില്ലയിലെ താഴെ പറയുന്ന കേന്ദ്രത്തിൽ പാസ്പോർട്ട് സൈസിൽ ഉള്ള ഒരു ഫോട്ടോ സഹിതം എത്തി അപേക്ഷ സ്വീകരിച്ചിട്ടുള്ള പക്ഷം ബന്ധപ്പെട്ട ലയ്സൺ ഓഫീസറിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ഈ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡിനു പകരമായി പരീക്ഷാ ഹാളിൽ ഹാജരാക്കാവുന്നതാണ്.

ഇപ്രകാരം ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നവർ പരീക്ഷാ ദിവസം രാവിലെ 9 മണിക്ക് മുൻപായി പരീക്ഷാ കേന്ദ്രത്തിൽ എത്തി ചീഫ് സൂപ്രണ്ടിനെ സമീപിച്ച് ഐഡന്റിഫിക്കേഷൻ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

1. **തിരുവനന്തപുരം : പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം.**
2. **എറണാകുളം : എസ്.ആർ.വി. ഗവണ്മെന്റ് വി.എച്ച്.എസ്. & എച്ച്.എസ്.എസ്., എറണാകുളം.**
3. **തൃശ്ശൂർ : ഗവ. ഗേൾസ് എച്ച്.എസ്.എസ്. തൃശ്ശൂർ**
4. **കോഴിക്കോട്** : ഗവ. മോഡൽ **എച്ച്.എസ്.എസ്.** മാനാന്ചിറ **കോഴിക്കോട്.**

പരീക്ഷ കഴിഞ്ഞ് OMR ഉത്തരക്കടലാസിനൊപ്പം Question Booklet-ഉം പരീക്ഷാർത്ഥി തിരികെ ഏൽപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം

03.07.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**